ഐ. എ. എസ്. ഉദ്യോഗസ്ഥൻമാർ

620 [898] ശ്രീ. പി. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര ഐ. എ. എസ്. ഉദ്യോഗസ്ഥൻമാരുണ്ടെന്നു വ്യക്തമാക്കുമോ;

(ബി) അയൽ സംസ്ഥാനത്തെ ഐ. എ എസ് കാരുടെ എണ്ണവും കേരള സംസ്ഥാനത്തെ ഐ. എ. എസ്. കാരുടെ എണ്ണവുമായി എന്തെങ്കിലും താരതമ്യപഠനം നടത്തിയിട്ടുണ്ടോ;

(സി) കേരളത്തിൽ അയൽ സംസ്ഥാനത്തെ അപേക്ഷിച്ച് ഐ. എ. എസ്. ഉദ്യോഗസ്ഥൻമാർ കൂടുതലാണെങ്കിൽ അവരുടെ എണ്ണം കുറയ്ക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 97.

(ബി) ഇല്ല. ഓരോ സംസ്ഥാനത്തേയും ഐ. എ. എസ്. ഉദ്യോഗസ്ഥൻമാരുടെ എണ്ണവും മറ്റും കാലാകാലങ്ങളിൽ കേന്ദ്ര ഗവൺമെൻറാണ് റിവ്യൂ ചെയ്തു നടപ്പാക്കുന്നത്.

(സി) ചോദ്യം ഉദിക്കുന്നില്ല.

സർവ്വീസിലിരിക്കെ മരണമടയുന്നവരുടെ ആശ്രിതർക്കു ജോലി

621 [900] ശ്രീ. കല്പട നാരായണൻ:

ശ്രീ. എ. എൻ. യൂസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വീസിലിരിക്കെ മരണമടയുന്നവരുടെ ആശ്രിതർക്ക് ജോലി നൽകുന്നതു സംബന്ധിച്ച് എന്തെങ്കിലും ഉത്തരവ് നിലവിൽ ഉണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിന്റെ ഒരു കോപ്പി മേശപ്പുറത്തു വയ്ക്കുമോ;

(സി) നിലവിലുള്ള ചട്ടങ്ങൾ സർവ്വീസിലിരിക്കെ മരണമടയുന്ന സർക്കാർ ജീവനക്കാരുടെ ആശ്രിതർക്ക് ജോലി കിട്ടുവാൻ വളരെയധികം വിഷമതകൾ ഉണ്ടാക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഇവ പരിഹരിക്കുവാൻ എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഇ) നിലവിലുള്ള നിയമങ്ങൾ ഭേദഗതി ചെയ്ത് കഴിയുന്നതും വേഗത്തിൽ നിയമനം നൽകുവാൻ വേണ്ടുന്ന നടപടികൾ സ്വീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly